(സി) നിലവിലുള്ള പ്രാഥമിക സഹകരണ ബാങ്കുകൾക്ക് സമീപം മാനദണ്ഡങ്ങൾക്ക് വിധേയമല്ലാതെ പുതിയ സഹകരണ ബാങ്കുകളും ജില്ലാ സഹകരണ ബാങ്ക് ശാഖകളും ആരംഭിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അപ്രകാരമുള്ള നടപടികൾ ഒഴിവാക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10 പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. അർബൻ സഹകരണ ബാങ്കുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. ജില്ലാ സഹകരണ ബാങ്കുകൾ മൊത്തം 56 ശാഖകൾ ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) കേരള സഹകരണ നിയമം വകുപ്പ് 2 (ഐ)-ക്ക് അനുസൃതമായി കേരള സഹകരണ നിയമം 4 മുതൽ 7 വരെയുള്ള വകുപ്പുകൾക്ക് വിധേയമായാണ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ രജിസ്റ്റർ ചെയ്തുനൽകുന്നത്. അർബൻ സഹകരണ ബാങ്കുകൾ രജിസ്റ്റർ ചെയ്യുന്നതിന് റിസർവ്വ് ബാങ്കിന്റെ അനുമതികൂടി പരിഗണിക്കാറുണ്ട്.

രജിസ്ട്രാറുടെ 17/81 സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി അതത് ജില്ലാ ബാങ്ക് ജനറൽ മാനേജരും ജോയിന്റ് രജിസ്ട്രാറുംകൂടി തയ്യാറാക്കുന്ന ജോയിന്റ് സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുവാൻ അനുമതി നൽകുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ ബാങ്കുകളും ശാഖകളും ആരംഭിക്കുമ്പോൾ ഇത് സംബന്ധിച്ച് ലഭിക്കുന്ന ന്യായമായ പരാതികൾ പരിശോധിച്ചിട്ടാണ് അനുമതി നൽകാറുള്ളത്.

(ഡി) ന്യായമായ പരാതികളിന്മേൽ നിർദ്ദേശം നൽകുന്നതാണ്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പിരിഞ്ഞുകിട്ടിയ തുക

189 [508] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കുടിശ്ശിക ഇനത്തിൽ ഇതുവരെ പിരിഞ്ഞുകിട്ടിയ വായ്പ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ സംസ്ഥാനത്ത് 30-11-2004 വരെ ആകെ 1251.86 കോടി രൂപ പിരുഞ്ഞുകിട്ടിയിട്ടുണ്ട്.

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഗുണം 30-11-2004 വരെ 514271 ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

സുനാമി ദുരിതാശ്വാസനിധിയിലേക്ക് സഹകരണ സംഘങ്ങളിൽനിന്നും സംഭാവന

190 [1507] ശ്രീ. കെ. പി രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ നിധിയിലേക്ക് സഹകരണ സംഘങ്ങളിൽനിന്നും സംഭാവന ശേഖരിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സഹകരണ വകുപ്പ് പുറത്തിറക്കിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ച സംഖ്യ എത്ര; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) സഹകരണ സംഘം ജീവനക്കാരിൽ നിന്ന് ലഭിച്ച സംഖ്യ എത്ര എന്ന് കൂടി വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭ്യമാക്കാം. സഹകരണ സംഘം രജിസ്ട്രാർ 29-12-2004-ൽ പുറത്തിറക്കിയ 47/2004-ാം നമ്പർ സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ജില്ലകളിൽനിന്നും ലഭിച്ച ലഭ്യമായ കണക്കുകൾ പ്രകാരം ദുരിതാശ്വാസ നിധിയിലേക്ക് ആകെ 2,28,56,229 രൂപ ഇതിനകം ലഭിച്ചിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു;

ജില്ല	*തുക*
തിരുവനന്തപുരം	6,65,571
കൊല്ലം	11,03,476
പത്തനംതിട്ട	14,23,879
ആലപ്പുഴ	19,58,680
കോട്ടയം	22,01,127
ഇടുക്കി	18,67,741
എറണാകുളം	27,81,759

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly